# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 3565 — 26-06-2012-ൽ മറുപടിക്ക്

### വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ വകുപ്പുകളും പൊതുമേഖലാസ്ഥാപനങ്ങളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ . | | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) | |
| (എ) | സർക്കാർ വകുപ്പുകളും പൊതുമേഖലാസ്ഥാപനങ്ങളും വൈദ്യുതി ചാർജ് ഇനത്തിൽ ഏറ്റവും കൂടുതൽ കാലം കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനം ഏതെന്നും, എത്ര കാലത്തെ കുടിശ്ശികയാണു നൽകേണ്ടതെന്നും വ്യക്തമാക്കുമോ ; | (എ) | ഏറ്റവും കൂടുതൽ കാലം കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ വകുപ്പു കളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു.<br>**സർക്കാർ വകുപ്പ്.**<br>1. ചിറ്റാറ്റുകര പ്രൈമറി ഹെൽത്ത് സെൻറർ 3/1995 മുതൽ<br>2. പോലിസ് വകുപ്പ്- 7/1996 മുതൽ<br>**പൊതുമേഖലാ സ്ഥാപനം**<br>1. കേരളാ വാട്ടർ അതോരിറ്റി - 4/2008 മുതൽ. |
| (ബി) | ഏറ്റവും അധികം തുക കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനം ഏതെന്നു വ്യക്തമാക്കുമോ ; | (ബി) | കേരളാ വാട്ടർ അതോരിറ്റി |
| (സി) | വൈദ്യുതി ബോർഡിന്റെ മൊത്തം ആസ്തിയുടെ എത്ര ശതമാനമാണു കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ളതെന്നു വ്യക്തമാക്കുമോ ; | (സി) | 2011-ലെ ആഡിറ്റ് ചെയ്ത കണക്കുപ്രകാരം ബോർഡിൻെറ മൊത്തം ആസ്തിയുടെ ഏകദേശം 15.05% ആണ് വൈദ്യുതി കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ദീർഘകാലമായി വൻതുക കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള സാഹചര്യത്തിൽ ഓരോ വകുപ്പിന്റെയും സ്ഥാപനങ്ങളുടെയും പ്രതീക്ഷിത വൈദ്യുതി ചാർജ്ജ് വിഹിതം അതതു വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുവാനും പ്രസ്തുത തുക ട്രാൻസ്ഫർ ക്രെഡിറ്റ് ആയി വൈദ്യുതി ബോർഡിന്റെ അക്കൗണ്ടിലേക്ക് മാറ്റികൊടുക്കുവാനും നടപടി സ്വീകരിക്കുമോ ? | (ഡി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**